# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004 website: www.kseb.in

വിതരണം, വിവര സാങ്കേതികവിദ്യ & എച്ച്ആർഎം വിഭാഗം ഡയറക്ടറുടെ കാര്യാലയം

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004, കേരളം

ഫോൺ:+91 471 2514685, 2514331, ഫാക്സ്: 0471 2447228 ഇ-മെയിൽ: ddkseb@kseb.in


നം. ഡി(ഡി, ഐറ്റി & എച്ച്ആർഎം)/ജനറൽ/കൊറോണ/2020 തീയതി: 10/03/2020

## പരിപത്രം

വിഷയം: കൊറോണ രോഗ ബാധയുടെ വെളിച്ചത്തിൽ സ്വീകരിക്കേണ്ട അടിയന്തിര മുൻകരുതൽ നടപടികൾ/മുന്നൊരുക്കങ്ങൾ - സംബന്ധിച്ച്

ലോകമെമ്പാടും വ്യാപിച്ചു കൊണ്ടിരിക്കുന്ന കൊറോണ വൈറസ് രോഗബാധ (COVID-19) കേരള സംസ്ഥാനത്തേയ്ക്കും വ്യാപിക്കുന്നതായി ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട മുൻകരുതൽ/മുന്നൊരുക്കങ്ങൾ തീരുമാനിക്കുന്നതിനായി ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ ചേമ്പറിൽ 10/03/2020-ൽ നടന്ന യോഗത്തിൽ ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ടി തീരുമാനങ്ങൾ അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

1. വൈദ്യുതി വിതരണം തടസ്സരഹിതമായി നിലനിർത്താൻ ശ്രദ്ധിക്കണം. ആശുപത്രികൾ, ദുരിതാശ്വാസ ക്യാംപുകൾ, ഐസൊലേഷൻ/ക്വാറന്റൈൻ സംവിധാനങ്ങൾ എന്നിവിടങ്ങളിൽ വൈദ്യുതി മുടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. താൽക്കാലിക ദുരിതാശ്വാസ ക്യാംപുകൾ, ഐസൊലേഷൻ/ക്വാറന്റൈൻ സംവിധാനങ്ങൾക്കായി പുതിയ കണക്ഷനുകൾ ആവശ്യമായി വന്നാൽ അവ അടിയന്തിരമായി നൽകേണ്ടതാണ്. ടി സ്ഥലങ്ങളിൽ മുൻകണക്ഷനുകളിൽ കുടിശ്ശിക ഉണ്ടെങ്കിലും ടി കണക്ഷനുകൾ നൽകേണ്ടതാണ്.

3. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നടക്കുന്ന സൺറൈസ് മീറ്റിംഗുകളിൽ കൊറോണ രോഗത്തിന്റെ ലക്ഷണങ്ങളെയും പ്രതിരോധമാർഗങ്ങളെയും കുറിച്ച് അവബോധം നൽകുന്നവിധമുള്ള ചർച്ചകൾ നടത്തേണ്ടതാണ്. മറ്റു ഓഫീസുകളിലും ഇത്തരം യോഗങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്. ഇതിനായി പബ്ലിക് ഹെൽത്ത് ഓഫീസർമാരുടെ സേവനം ആവശ്യമെങ്കിൽ തേടേണ്ടതാണ്.

4. കൊറോണ ബാധയുടെ ലക്ഷണങ്ങളും എടുക്കേണ്ട മുൻകരുതലുകളും രേഖപ്പെടുത്തിയ ബോർഡുകൾ പൊതുജനങ്ങളുടേയും ജീവനക്കാരുടേയും അറിവിലേയ്ക്കായി എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കേണ്ടതാണ്.

5. വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതടക്കം എല്ലാ സേവനങ്ങൾക്കും ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ഉപഭോക്താക്കളെ ബോധവൽക്കരിക്കേണ്ടതാണ്. പരാതികൾ അറിയിക്കുവാൻ കേന്ദ്രീകൃത കോൾ സെന്റർ നമ്പറായ 1912 ന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

6. എല്ലാ ഓഫീസ് അധികാരികളും ഓഫീസിൽ ആവശ്യമായ മാസ്കുകൾ, ഗ്ലൗസുകൾ, ഹാൻഡ് സാനിറ്റൈസറുകൾ എന്നിവ വാങ്ങി നൽകേണ്ടതും അവയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്.

7. പൊതു ചടങ്ങുകൾ ഇനി ഒരു അറിയിപ്പുണ്ടാകുംവരെ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

8. ജീവനക്കാർക്ക് കൊറോണ ലക്ഷണങ്ങൾ കണ്ടാൽ ഉടനെ തന്നെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

9. ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനോടൊപ്പം, വ്യക്തി ശുചിത്വവും പാലിക്കേണ്ടതാണ്.

10. ഇതു സംബന്ധിച്ച് കേരള സർക്കാർ ആരോഗ്യ വകുപ്പ് നൽകുന്ന എല്ലാ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതും, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടതുമാണ്.

സെക്രട്ടറി (പൊതു ഭരണം)